**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2097** | **05.12.2018-ൽ മറുപടിക്ക്** |
|---|---|

**പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ**

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കുട്ടികളുടെ സുരക്ഷയ്ക്കായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ ഇത്തരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | എല്ലാ പോലീസ് സ്റ്റേഷനുകളിലും അസി. സബ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് ജുവനൈൽ ജസ്റ്റിസ് ആക്ടിലെ നിബന്ധന പ്രകാരം മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ ഒഴികെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. (മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായിട്ടാണ് മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളത്) |
| (ബി) | ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരായി നിയമിക്കുന്നതിന് നിശ്ചയിട്ടുളളത് ഏത് തസ്തികയിലുളള ജീവനക്കാരെയാണ്; ഇവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നത്; | (ബി) | ഒരു അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഓഫീസറെയാണ് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായി നിയമിക്കുന്നത്. ഇവർക്ക് പോക്സോ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട്, ജെന്റർ അവയർനെസ്സ്, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്, തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊളളിച്ചുകൊണ്ട് വിദഗ്ധരുടെ ക്ലാസുകൾ നൽകി വരുന്നുണ്ട്. കൂടാതെ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, തുടങ്ങിയ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരെ ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. |
| (സി) | ബാലനീതി നിയമം നടപ്പിലാക്കുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി, കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ച് പരാതികൾ മുഖേനയും മറ്റ് മാർഗ്ഗങ്ങൾ മുഖേനയും വിവരങ്ങൾ ലഭ്യമാകുന്ന സമയം ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഡിസ്ട്രിക്ട് ചൈൽഡ് ലൈൻ എന്നീ യൂണിറ്റുകളേയും പരാതിയുമായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറേയും ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. കൂടാതെ മേലധികാരികളിൽ നിന്നും വിവിധ കോടതികളിൽ നിന്നും സമയാസമയം ലഭിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. സ്കൂളുകളിലും മറ്റും ബാലനീതി നിയമത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ക്ളാസുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ